# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:375

24.06.2019-ലെ മറുപടി

## ജലനിധി ഒന്നാം ഘട്ട പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.സി. മമ്മത് കോയ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ. വി. ജോയി | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി ഒന്നാം ഘട്ട പദ്ധതി പ്രകാരം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു എന്ന് അറിയിക്കാമോ; | (എ) | 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം പദ്ധതികളുടെ സുസ്ഥിരത നിലനിർത്തുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ഗുണഭോക്തൃ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവുമാണ് ഗുണഭോക്തൃ സമിതികളുടെ പ്രധാന പ്രവർത്തന മേഖല. ഗുണഭോക്തൃ സമിതികൾക്ക് ഇതിനാവശ്യമായ പരിശീലനം ജലനിധിയിലൂടെ നൽകി വരുന്നു. |
| (സി) | സി ആന്റ് എ.ജി. നടത്തിയ ജലനിധി ഒന്നാം ഘട്ട പദ്ധതിയുടെ പെർഫോമൻസ് അസസ്സ്മെന്റ് പ്രകാരം പൂർത്തിയാക്കിയ ചില കുടിവെള്ള പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ശിപാർശ അനുസരിച്ച് പൊതുജന സമൂഹങ്ങളുടെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ ജലനിധി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>1. ഗുണഭോക്തൃ സമിതികളുടെ സഹായത്തോടു കൂടിയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുക.<br>2. പദ്ധതി പരിപാലനത്തിന് പൊതുവായ മാർഗ്ഗരേഖ നൽകുക.<br>3. കുടിവെള്ള പദ്ധതികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാങ്കേതിക സാമൂഹിക മേഖലകളിൽ മികവുള്ള സഹായ സംഘടനകളെ ചുമതലപ്പെടുത്തുക. |
| (ഡി) | എങ്കിൽ കാരണങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 4. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോഗ്യരായ പ്രൊഫഷണലുകളെ/ സ്ഥാപനങ്ങളെ നിയോഗിക്കുന്നതിന് അധികാരമുള്ള സംസ്ഥാനതല Grievance Redressal Monitoring (GRM) സെൽ രൂപീകരിക്കുക.<br>5. പദ്ധതി ഉപകരണങ്ങൾ മാറ്റുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും 25000 രൂപയ്ക്കു മേൽ വരുന്ന ചെലവുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.<br><br>മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തുക വകയിരുത്താൻ തീരുമാനിക്കുകയും അതനുസരിച്ച് 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2215-01-102-80 (P) എന്ന ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രളയക്കെടുതിമൂലം ജലനിധി ഒന്നാം ഘട്ടത്തിലെ നിരവധി ശുദ്ധജലവിതരണ പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ തകർന്നതിനാൽ അവ പുന:സ്ഥാപിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ നേരത്തെയുണ്ടായിരുന്ന 10 കോടി രൂപയിൽനിന്നും 5 കോടി രൂപ വകമാറ്റി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സി ആന്റ് എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനരഹിതമായ ജലനിധി ഒന്നാം ഘട്ടത്തിലെ 210 പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ പുനരുദ്ധരിക്കുന്നതിനും പുനസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ സുസ്ഥിര പദ്ധതിയ്ക്കായി 55 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**